"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരളീയ പ്രവാസികാര്യ വകുപ്പ് - പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ — കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ നടത്തിയ നിയമന നടപടി — സാധൂകരിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.156/2026/NORKA തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-
1. സ.ഉ.(കൈ) നം.5/2017/നോർക്ക തീയതി 16-06-2017
2. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 07.02.2026 തീയതിയിലെ 77/2026/ എൻ.ആർ.ഐ. (കെ) കമ്മീഷൻ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പൊതുഭരണ സെക്രട്ടേറിയറ്റിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ബഹു. കമ്മിഷൻ ചെയർപേഴ്സന്റെ 24-01-2026-ലെ ഉത്തരവ് പ്രകാരം, ആലുവ മുൻസിഫ് കോടതിയിൽ നിന്നും വിരമിച്ച ശ്രീ.സുനിൽ കുമാർ ടി.എൻ. നെ ദിവസവേതനാടിസ്ഥാനത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ നിയമനം സെക്രട്ടേറിയറ്റിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ അല്ലാത്തതിനാൽ ഇതിന് സാധൂകരണം നൽകണമെന്ന് കമ്മീഷൻ മെമ്പർ സെക്രട്ടറി പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ശ്രീ.സുനിൽ കുമാർ ടി.എൻ.നെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജിസി ആർ
ഡെപ്യൂട്ടി സെക്രട്ടറി

മെമ്പർ സെക്രട്ടറി, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ &ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര-പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
സെക്ഷൻ ഓഫീസർ
Date: 11-03-2026 09:30:43